©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 10** Vol. X | **തിരുവനന്തപുരം, ഞായർ** Thiruvananthapuram, Sunday | **2021 നവംബർ 14** 14th November 2021 **1197 തുലാം 29** 29th Thulam 1197 **1943 കാർത്തികം 23** 23rd Karthika 1943 | **നമ്പർ** No. | **3344** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 27707/ലെഗ്.സി3/2019/നിയമം.

*തിരുവനന്തപുരം, 2021 നവംബർ 14*
*1197 തുലാം 29*
*1943 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 നവംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 24-ാം ആക്റ്റ്

## 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ്

1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905- ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമിയിലെ മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമിയിലെ മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഇത് 2019 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "ധാതുക്കൾ" എന്നാൽ 1957-ലെ ഖനികളും ധാതുക്കളും (വികസനവും നിയന്ത്രണവും) ആക്റ്റിലെ (1957-ലെ 67-ാം നമ്പർ കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിലെ, യഥാക്രമം (എഡി) ഖണ്ഡത്തിലും (ഇ) ഖണ്ഡത്തിലും നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ധാതുക്കളും ചെറുകിട ധാതുക്കളും എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിന് കീഴിലുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. ധാതുക്കളുടെ നിക്ഷിപ്തമാക്കൽ.—മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും വിളംബരത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, എല്ലാ ഭൂമിയിലെയും, ഏതു തരത്തിലുള്ള ഉടമസ്ഥാവകാശമോ വസ്തു നടപ്പവകാശമോ ആയിരുന്നാലും, മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ എല്ലാ അവകാശങ്ങളും, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും ആയത് സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതുമാണ്.

4. നിക്ഷിപ്തമാക്കലിന്റെ രീതി.—1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെ, സംസ്ഥാനത്തെ ഭൂമിയിലുള്ള മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ, മേൽ പരാമർശിച്ച തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ ധാതുക്കൾ സംസ്ഥാനത്ത് നിക്ഷിപ്തമായ അതേ രീതിയിൽ നിക്ഷിപ്തമാകുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.</u>—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

6. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, ഉത്തരവ് വഴി പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ രണ്ട് വർഷക്കാലത്തിന് ശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനു ശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ഓർഡിനൻസ് (2021-ലെ 124) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 27707/Leg.C3/2019/Law. *Dated, Thiruvananthapuram, 14th November, 2021*
*29th Thulam, 1197*
*23rd Karthika, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Minerals (Vesting of Rights) Act, 2021 (24 of 2021).

By order of the Governor,
V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ്" published under the authority of the Governor.]

## ACT 24 OF 2021

THE KERALA MINERALS (VESTING OF RIGHTS)
ACT, 2021

*An act to vest in the Government the rights of the minerals in the soil and subsoil of the land in the State excluding the land comes under the purview of Travancore Proclamation dated 14th day of June, 1881 and Cochin Proclamation of 1905.*

*Preamble.*—WHEREAS, it is expedient to vest in the Government the rights of the minerals in the soil and subsoil of the land in the State excluding the land comes under the purview of Travancore Proclamation dated 14th day of June, 1881 and Cochin Proclamation of 1905;

BE it enacted in the Seventy-second Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Minerals (Vesting of Rights) Act, 2021.

(2) It shall be deemed to have come into force on the 30th day of December, 2019.

2. *Definitions*.—In this Act, unless the context otherwise requires,—

(a) "Government" means the Government of Kerala;

(b) "minerals" means minerals and minor-minerals as defined in clause (ad) and clause (e) respectively, of section 3 of the Mines and Minerals (Development and Regulation) Act, 1957 (Central Act 67 of 1957);

(c) "prescribed" means prescribed by rules made under this Act;

(d) "State" means the State of Kerala.

3. *Vesting of minerals*.—Notwithstanding anything contained in any other law or in any judgment or decree or order of any court or proclamation, all rights in the minerals in the soil and subsoil of all lands of whatsoever ownership or tenure shall stand vested in and shall be subject to the control of the Government from the date of commencement of this Act.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. *Manner of vesting*.—The manner of vesting of the rights of the minerals in the soil and subsoil of the land in the State excluding the land comes under the purview of Travancore Proclamation dated 14th day of June, 1881 and Cochin Proclamation of 1905 shall be in the same manner as is vested in the State in the Travancore and Cochin areas mentioned above.

5. *Power to make rules*.—(1) The Government may, by notification in the Gazette, make rules for carrying out the provisions of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be; so however that any such modification or annulment shall be without prejudice to the validity of anything previously done under the rule.

6. *Power to remove difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may, by order published in the Gazette, makes such provisions not inconsistent with the provisions of this Act, as appear to it to be necessary or expedient, for removing the difficulty:

Provided that no such order shall be made after the expiry of the period of two years from the date of commencement of this Act.

(2) Every order made under this section shall, as soon as may be after it is made, be laid before the Legislative Assembly.

7. *Repeal and saving*.—(1) The Kerala Minerals (Vesting of Rights) Ordinance, 2021 (124 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/